DESPATCHED
27/06/2020
On.............
13.3.20


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2572*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16858** /*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.എൻ.വിജയകുമാർ,
ജനറൽ സെക്രട്ടറി,
സെന്റർ ഫോർ ദലിത് വെൽഫയർ അസോസിയേഷൻ,
രജി.നം.എ-310/04, സ്റ്റേറ്റ് കമ്മിറ്റി, പൊന്നാട് പി.ഒ.,
ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്, ആലപ്പുഴ.

2. അപ്പീൽ അധികാരി&
സബ് കളക്ടർ,
റവന്യൂ ഡിവിഷണൽ ഓഫീസ്, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01.10.2013/11.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.10.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.11.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.11.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.എൻ.വിജയകുമാർ,

24.11.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 30.11.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2572(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ഭാഗീകമായ വിവരമാണ് ലഭിച്ചതെന്നും ടിയാനിൽ നിന്നും അന്യായമായ ഫീസ് ഈടാക്കിയിട്ടും സമയപരിധി കഴിഞ്ഞാണ് വിവരങ്ങൾ ലഭ്യമാക്കിയതെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ ഹിയറിംഗിനായി നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഹാജരായില്ലെന്നും തുടർന്ന് നൽകിയ അപ്പീൽ തീർപ്പാക്കൽ ഉത്തരവും അപൂർണ്ണവുമായിരുന്നുവെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ടിയാന്റെ അപേക്ഷ വളരെ അലക്ഷ്യമായും അലസമായും കൈകാര്യം ചെയ്ത എതിർകക്ഷികൾക്കെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.08.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീ.വൈ.കുട്ടപ്പൻ(കാട്ടിച്ചിറ കോളനി, തോട്ടുവാത്തല, കൈനിക്കര പി.ഒ., പള്ളാത്തുരുത്തി) പരാതിക്കാരനായി പട്ടികജാതി/ ഗോത്ര വർഗ്ഗ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ കമ്മീഷൻ നേരിട്ട് തെളിവെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചുവെന്നും ടി ഉത്തരവ് നടപ്പിലാക്കുന്നതിന് ടി ഓഫീസറെ ചുമതലപ്പെടുത്തിയ No.1769/A3/2012/ALP/KSCS CST dated 04.12.2012 ഉത്തരവ് ടി ഓഫീസിൽ അയച്ചു നൽകിയിട്ടുണ്ടെന്നും ടി ഉത്തരവിൽ നാളിതുവരെ കൈക്കൊണ്ട നടപടികളും അവയുടെ ഫയൽ കോപ്പികളുടെ പകർപ്പുകളുമാണ്. ആയതിന് 02.09.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ 20/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് ടി ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റാവുന്നതാണെന്നുമാണ്. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 22.10.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിക്കുന്നതിന് 49 ദിവസങ്ങൾ എടുത്തുവെന്നും ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടതു പ്രകാരം 20/- രൂപ ഒടുക്കിയെങ്കിലും ലഭിച്ച വിവരങ്ങൾ 6 പേജുകൾ മാത്രമാണന്നെും പേജുകളുടെ എണ്ണം വ്യക്തമാക്കിക്കൊണ്ടുള്ള ആമുഖ കത്തില്ലായിരുന്നുവെന്നുമാണ് ടിയാന്റെ ഹർജിയിലെ ആക്ഷേപങ്ങൾ . ടിയാന്റെ അപ്പീലിന്മേൽ തെളിവെടുക്കുന്നതിനായി ഇരുകക്ഷിക

ൾക്കും നോട്ടീസ് നൽകിയെങ്കിലും ഹർജിക്കാരൻ അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയിട്ടുണ്ടെന്നും കൂടുതൽ തെളിവുകൾ ഹാജരാക്കാൻ ഇല്ലാത്തതിനാൽ വിചാരണ ദിവസം ഹാജരാകുവാൻ നിവൃത്തിയില്ലെന്നു ഹർജിക്കാരൻ കത്തുമുഖാന്തിരം അറിയിച്ചുവെന്നും ഒന്നാം എതിർകക്ഷി ഹാജരായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി വിശദീകരണ പ്രകാരം ഹർജിക്കാരന്റെ അപേക്ഷ ലഭിച്ചത് 13.08.2013ലാണെന്നും ഹർജിക്കാരൻ ആരോപിക്കുന്ന 10.08.2013, 11.08.2013 എന്നീ ദിവസങ്ങൾ പൊതു ഒഴിവു ദിവസങ്ങളാണെന്നും ഇപ്രകാരം 13.08.2013ൽ ലഭിച്ച അപേക്ഷയിൽ മറുപടി നൽകേണ്ട അവസാന തീയതി 19.09.2013 ആണെന്നും ഓണാവധി കഴിഞ്ഞ് ടിയാൻ ജോലിയിൽ പ്രവേശിച്ച അതേ ദിവസം തന്നെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ തപാലിൽ അയച്ചുകൊടുത്തുവെന്നും രേഖകൾ അയച്ചു നൽകിയ ആമുഖ കത്തിൽ പേജുകൾക്ക് ചുമത്തിയ തുക രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. രേഖകൾ പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷ സ്വീകരിച്ചത് 13.08.2013ലാണെന്നും നിയമപ്രകാരമുള്ള ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ട് കത്തു നൽകിയത് 03.09.2013ലും തുക ഒടുക്കി ചെലാൻ സ്വീകരിച്ചത് 11.09.2013ലുമാണെന്നും 14.09.2013 മുതൽ 18.09.2013 വരെയുള്ള തീയതികളിൽ ഓണ അവധിയും 21.09.2013, 22.09.2013 എന്നീ തീയതികൾ പൊതു അവധി ആയിരുന്നുവെന്നും 19.09.2013 മുതൽ നാലു പ്രവൃത്തി ദിവസങ്ങളിലും എസ്.പി.ഐ.ഒ. അവധിയിലായിരുന്നുവെന്നുമാണ്. ഫയൽ പരിശോധിച്ചതിൽ ഹർജിക്കാരന് മറുപടി 25.09.2013ന് ആമുഖ കത്ത് സഹിതം അയച്ചു നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ ഹർജിക്കാരന് ഏതാനും രേഖകൾ ലഭിച്ചിട്ടില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ മുഴുവൻ രേഖകളും ഒരിക്കൽ കൂടി സൗജന്യമായി അയച്ചു നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. മാത്രമല്ല 05.08.2013ലെ അപേക്ഷയ്ക്ക് ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയത് 02.09.2013ലാണ്. തുടർന്ന് 11.09.2013ൽ ചെലാൻ ഹാജരാക്കിയെങ്കിലും വിവരങ്ങൾ ടിയാന് അയച്ചു നൽകാൻ വീണ്ടും കാലതാമസമുണ്ടായെന്നും ആകയാൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാൻ പാടുള്ളതല്ലെന്ന് ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയെ താക്കീതു ചെയ്തു

കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM